**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2095** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.- ബസുകളും ആസ്തിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ എത്ര ബസുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | (എ) | ഓർഡിനറി - 3068<br><br>ഫാസ്റ്റ് പാസഞ്ചർ - 1151<br><br>സൂപ്പർ ഫാസ്റ്റ് - 385<br><br>എക്സ്പ്രസ്സ് - 53<br><br>ഡീലക്സ് - 110<br><br>വോൾവോ - 11<br><br>സ്കാനിയ - 17<br><br>ജൻറം നോൺ എ.സി. - 290<br><br>ജൻറം എ.സി. - 180<br><br>ഉൾപ്പെടെ 5265 എണ്ണം ബസ്സുകളാണ് കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഉള്ളത്. |
| (ബി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ബസുകൾ വാങ്ങിയിട്ടുണ്ടെന്നും എത്ര ബസുകൾ വിൽപ്പന നടത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 101 ബസ്സുകളും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 116 ബസ്സുകളും വാങ്ങിയിട്ടുണ്ട്. ഇത് കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയതിൽ 39 ബസ്സുകൾ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 11 ബസ്സുകൾ ലഭ്യമാകാനുണ്ട്. ഇതു കൂടാതെ 600 ഡീസൽ ബസുകൾ വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചതിൽ നിന്നും ആദ്യപടിയായി 131 ബസുകൾ വാങ്ങുന്നതിനായി വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>മുൻ സർക്കാരിന്റെ കാലത്ത് 1442 സ്ക്രാപ്പ് ബസുകൾ വില്പന നടത്തിയിട്ടുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ കാലത്ത് ഇതുവരെ 480 സ്ക്രാപ്പ് ബസുകൾ വില്പന നടത്തിയിട്ടുണ്ട്. |
| (സി) | സർവ്വീസ് നടത്താൻ കഴിയാത്ത തരത്തിലുള്ള എത്ര ബസുകളുണ്ടെന്നും ഈ ബസുകളുടെ മെയിന്റനൻസ് പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകളിൽ ചെയ്യാൻ കഴിയുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ബസുകളുടെ അറ്റകുറ്റപ്പണികൾ ഏത് രീതിയിലാണ് ചെയ്തുവരുന്നതെന്നും വ്യക്തമാക്കുമോ; | (സി) | 02.12.2022-ൽ 778 ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി ഓഫ് റോഡ് ആണ്. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സി.യാണ് നിർവ്വഹിക്കുന്നത്. എന്നാൽ വോൾവോ, സ്കാനിയ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രസ്തുത കമ്പനികളുടെ സേവനം അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സി.യാണ് നിർവ്വഹിക്കുന്നത്. എന്നാൽ വോൾവോ, സ്കാനിയ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രസ്തുത കമ്പനികളുടെ സേവനം അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ഡി) | സ്വകാര്യ ബസുകൾ വാടകയ്ക്ക് എടുക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ഡി) | M/s.Mahavoyage മായി കരാറിൽ ഏർപ്പെട്ട് 10 മൾട്ടി ആക്സിൽ സ്കാനിയ ബസ്സ് 11.10.2017 മുതൽ 11.10.2022 വരെയും 10 എ.സി. 9 മീറ്റർ ഇലക്ട്രിക് ബസ്സുകൾ 14/11/2018 മുതൽ 21.07.2022 വരെയും വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിന് നൽകിയിട്ടുണ്ട്.<br><br>18.11.2021 തീയതിയിൽ ദർഘാസ് ക്ഷണിച്ച് M/s. Ganga Travel -ൽ നിന്നും പരീക്ഷണാർത്ഥം 1 ബസ്സ് ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആവശ്യത്തിന് 08.06.2022 മുതൽ 13.06.2022 വരെ സർവ്വീസ് നടത്തിയിട്ടുണ്ട്.<br><br>നിലവിൽ 12.11.2022 തീയതിയായി ലക്ഷ്വറി എ.സി. ഡീസൽ ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.<br><br>നിലവിൽ M/s. Mahavoyage കമ്പനിയുമായുള്ള കരാർ അവസാനിപ്പിച്ചിരിക്കുകയാണ്. ടി കമ്പനിക്ക് ആകെ 7,43,77,695/- രൂപ വാടകയിനത്തിൽ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | ബസ് സർവ്വീസ് വഴിയല്ലാതെ ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് കെ.എസ്.ആർ.ടി.സി.വരുമാനം കണ്ടെത്തുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നതെന്നും ഇതിൽ ഏതെല്ലാം പദ്ധതികളിൽ നിന്ന് കെ.എസ്.ആർ.ടി.സി. പിൻമാറിയിട്ടുണ്ടെന്നും ഓരോ പദ്ധതിവഴി എത്ര തുക വരുമാനമായി കണ്ടെത്തിയിട്ടുണ്ടെന്നും ഇനം തിരിച്ച് വിശദമാക്കുമോ; | (ഇ) | ബസ് സർവ്വീസ് വഴിയല്ലാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഷോപ്പ് ഓൺ വീൽസ്, യാത്രാ ഫ്യൂവൽസ്, സ്ലീപ്പർ ഇൻ ബസ്, ല്യൂബ് ഷോപ്പുകൾ, സമുദ്ര സർവ്വീസുകൾ, ബഡ്ജറ്റ് ടൂറിസം തുടങ്ങി നിരവധി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് |

ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയതിന് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചു വരുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിലൂടെയും, പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടേയും ടിക്കറ്റിതര വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചു നൽകുകയും ആയതിൽ നിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാം ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പാലാ ബസ് സ്റ്റേഷനിലെ വാണിജ്യ സമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം എന്നിവ ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിനും യൂണിറ്റുകളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന്റെയും ടെണ്ടർ നടപടികൾ

| | | | |
|---|---|---|---|
| | | | അവസാന ഘട്ടത്തിലാണ്. ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ വരുന്നതും National Highwayയോടു ചേർന്നുള്ളതും കൂടാതെ വളരെ ജനതിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ യൂണിറ്റുകളിലെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്കും അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ച് നൽകുന്ന വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ് ആധുനിക സൗകര്യത്തോടു കൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റു ആവശ്യ സാധനങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്.<br><br>ടിക്കറ്റിതര വരുമാനം ഇനത്തിൽ ലഭിച്ചു വരുന്ന ശരാശരി പ്രതിമാസ വരുമാന കണക്ക് ചുവടെ ചേർക്കുന്നു.<br><br>ഷോപ്പിംഗ് കോംപ്ലക്സ് - ₹ 24,91,612/-<br><br>മൊബൈൽ ടവർ - ₹ 36,484/-<br><br>ഹോർഡിംഗ്സ് - ₹ 2,41,290/-<br><br>സ്ലീപ്പർ ഇൻ ബസ് - ₹ 4,59,408/-<br><br>സ്റ്റാളുകൾ മുതലായവ - ₹ 68,04,231/-<br><br>ബസിലെ പരസ്യം - ₹ 87,21,307/-<br><br>ഷോപ്പ് ഓൺ വീൽസ് - ₹ 1,54,571/-<br><br>പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം - ₹ 5,386/-<br><br>ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും കെ.എസ്.ആർ.ടി.സി. പിൻമാറിയിട്ടില്ല. |
| (എഫ്) | ഈ സർക്കാരിന്റെയോ മുൻ സർക്കാരിന്റെയോ കാലത്ത് കെ.എസ്.ആർ.ടി.സി.യുടെ | (എഫ്) | മുൻ സർക്കാരിന്റെ കാലത്ത് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, |

| | | | |
|---|---|---|---|
| | ഏതെങ്കിലും ആസ്തികൾ പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതുവഴി എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നും ഏതെങ്കിലും ആസ്തികൾ വിൽക്കുന്നത് സംബന്ധിച്ച് നടപടികൾ നടക്കുന്നുണ്ടെങ്കിൽ ആയതും വിശദമാക്കുമോ? | | സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശ നിരക്കിലും, കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പുനഃക്രമീകരിച്ചിട്ടുണ്ട്. ഈട് നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ 52 യൂണിറ്റുകളിലെ നിശ്ചിത വസ്തുവകകൾ പണയപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ആസ്തികൾ പണയപ്പെടുത്തി 3100 കോടി രൂപ കൺസോർഷ്യം വായ്പ വഴി സ്വരൂപിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ വസ്തുവകകൾ പണയപ്പെടുത്തി വായ്പകൾ ഒന്നുംതന്നെ എടുത്തിട്ടില്ല.<br><br>ഈ സർക്കാരിന്റെയോ മുൻ സർക്കാരിന്റെയോ കാലത്ത് കെ.എസ്.ആർ.ടി.സി.യുടെ ആസ്തികൾ ഒന്നും തന്നെ വിൽപ്പന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ